ബിസിനസ് ലോൺ എടുത്തത് തിരിച്ചടയ്ക്കാത്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട സുൽത്താൻ ബത്തേരി സബ്കോടതിയിൽ ഒ.എസ്.15/2011 കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. തുടർന്ന് ലോൺ കടിശ്ശിക തിരിച്ച് വസൂലാക്കുന്നതിനുവേണ്ടി ഇ.പി. 22/2012 കേസ് ഫയൽ ചെയ്യുകയും ശ്രീ. സുകമാരൻ എം.എം. എന്ന വ്യക്തിയെ കോടതി ഉത്തരവ് പ്രകാരം തടങ്കലിൽ അടച്ചിട്ടുള്ളതും റിമാന്റ് കാലാവധി കഴിഞ്ഞ് തടങ്കലിൽനിന്ന് വിട്ടയച്ചിട്ടുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ

26 (30) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകൾ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിന് വേണ്ടി പുതിയ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ കോടതികൾ തുടങ്ങണമെന്ന കാര്യത്തിൽ മൻഗണനാലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(സി) കൊണ്ടോട്ടി ആസ്ഥാനമാക്കി ഒരു മജിസ്ട്രേറ്റ് കോടതി വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കോടതികൾ ആരംഭിക്കുന്നതിലേയ്ക്കായി 6-7-2009 തീയതിയിലെ സ.ഉ. (സാ) നമ്പർ 1919/2009/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവ് പ്രകാരം പരിഗണനാ പട്ടിക പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളും ഉൾപ്പെടുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് വിനിയോഗിച്ച് 27 താൽക്കാലിക ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ കാലാവധി അവസാനിച്ച 31-3-2015-നുശേഷം 31-3-2016 വരെ ഒരു വർഷം പ്രവർത്തനാനുമതി നീട്ടി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അതിന്റെ മുൻഗണന അനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മാത്രമേ കോടതി ആരംഭിക്കുന്നത് സാധ്യമാവുകയുള്ളൂ.

അടൂരിൽ സബ് കോടതി

27 (31) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂരിൽ സബ് കോടതി അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതിവിവരം വിശദമാക്കുമോ ; നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാലവിളംബത്തിന് കാരണം വെളിപ്പെടുത്തുമോ ;

(ബി) അടൂരിൽ സബ് കോടതി അടിയന്തരമായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 20-9-2011 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2811/2011/ ആഭ്യന്തരം പ്രകാരം അടൂരിൽ സബ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 06.07.2009-ലെ സ.ഉ. (സാധാ) നമ്പർ 1919/09/ആഭ്യന്തരം പ്രകാരമുള്ള പരിഗണനാ പട്ടികയിൽ ക്രമനമ്പർ 11 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പരിഗണന ലിസ്റ്റിൽനിന്നും കരുനാഗപ്പള്ളി, കണ്ണൂർ, ചാവക്കാട് എന്നിവിടങ്ങളിൽ സബ് കോടതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ അഡീഷണൽ സബ് കോടതി മാറ്റി ചെങ്ങന്നൂർ സബ് കോടതി ആയിട്ടുണ്ട്. ആകയാൽ നിലവിലുള്ള പരിഗണന പട്ടികയിൽനിന്നും സബ് കോടതി ചെങ്ങന്നൂരിനെ ഒഴിവാക്കാവുന്നതാണ്. കൂടാതെ ഇപ്പോൾ സ.ഉ. (കൈ) നമ്പർ 238/2015/ആഭ്യന്തരം തീയതി 19.11.2015 പ്രകാരം പുനലൂരിൽ സബ് കോടതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആകയാൽ ഇനി ഫലത്തിൽ പരിഗണന പട്ടികയിൽ ആറാമതാണ് അടൂർ സബ് കോടതി. മുൻഗണനാക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മാത്രമേ കോടതി ആരംഭിക്കുന്നത് സാധ്യമാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly